3

File No. TCPTSR/373/2022-C2

# തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം-തൃശ്ശൂർ

## നടപടിക്രമങ്ങൾ

**ഹാജർ: ശ്രീ. രാജീവ്.കെ.ആർ**

ഫോൺ : 0487- 2363003
ഇ-മെയിൽtptsr.lsgdplng@kerala.gov.in

വിഷയം : തൃശ്ശൂർ ജില്ല-കുന്നംകുളം നഗരസഭ കുന്നംകുളം വില്ലേജ് റീ/സർവേ 34/62-2നമ്പർ ഉൾപ്പെട്ട സ്ഥലത്ത് പെട്രോളിയം ഔട്ട് ലെറ്റ് - ലേ-ഔട്ട് അംഗീകാരം സംബന്ധിച്ച്

പരാമർശം : കുന്നംകുളം നഗരസഭ സെക്രട്ടറിയുടെ 25/05/2022 ലെ E2-19938/21 BA:350/21-22 നമ്പർ കത്ത്

---

ഉത്തരവ് നമ്പർ :TCPTSR/ 373/2022-C2-Ddis തിയ്യതി : 07/07/2022

---

## ലേ ഔട്ട്-നമ്പർ : 17/2022

തൃശ്ശൂർ ജില്ല കുന്നംകുളം നഗരസഭ കുന്നംകുളം വില്ലേജ് റീ/സർവേ 34/62-2 ൽ ഉൾപ്പെട്ട 1214 ച.മീറ്റർ സ്ഥലത്ത് 288.00 $m^2$ കനോപ്പിയും , 37.59 $m^2$ വിസ്തൃതിയുള്ള കെട്ടിടവും ഉൾപ്പെടെ ആകെ 325.59 $m^2$ ഗ്രൂപ്പ് 1 ഗണത്തിൽപ്പെട്ട പെട്രോൾ പമ്പ് കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന പ്ലാനുകൾ അനുസരിച്ച് ചട്ടം 5(6)(b) യിൽ നിഷ്കർഷിച്ചിരിക്കുന്ന നിയമങ്ങൾക്കനുസരിച്ച് ചട്ടം 30 Table II (g)(2) പ്രകാരം താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ലേ-ഔട്ട് അംഗീകാരവും ടി.സ്ഥലത്തിന്റെ മേൽപ്പടി ഉപയോഗത്തിനുള്ള അംഗീകാരവും നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർദ്ദിഷ്ട നിർമ്മാണം കെ.എം.ബി.ആർ-2019-ലെ മുഴുവൻ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. KMBR-2019 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, അളവുകൾ, അതിരുകൾ, സർവ്വെ നമ്പറുകൾ, വിസ്തീർണ്ണം, ഭൂമിയുടെ സ്വഭാവം, അപേക്ഷകന്റെ നിർമ്മാണാവകാശം, റവന്യൂ വിശദാംശങ്ങൾ എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ശാസ്ത്രീയ സജ്ജീകരണങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കനുസൃതമായി സജ്ജീകരിക്കേണ്ടതാണ്.
4. ജില്ലാ കളക്ടറിൽ നിന്നും , ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും, മറ്റ് ഏജൻസികളിൽ നിന്നും നിയമാനുസൃതം ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാക്കേണ്ടതും അവയിലെ നിബന്ധനകൾ പാലിക്കേണ്ടതുമാണ്.
5. ടി.നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. ടി.നിർമ്മാണവും പ്രവർത്തനവും പരിസരവാസികളുടെ സൈ്വരജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. പ്രസ്തുത പ്ലോട്ടിൽ വിഭാവനം ചെയ്തിട്ടുള്ള ടോയ്‌ലറ്റ് ബ്ലോക്ക് അപ്രകാരം നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. റീടെയിൽ ഡിസ്പെൻസിങ്ങ് യൂണിറ്റിന് ചട്ടം അനുശാസിക്കുന്ന പ്രകാരം ക്ലിയർ സ്പേസ് 7.5 മീറ്റർ ലഭ്യമാകുന്ന പ്രകാരം ക്രമീകരിക്കണം.

9. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.
10. നിർദ്ദിഷ്ട നിർമ്മാണസ്ഥലം Road-ന്റെ വികസനവുമായി ബന്ധപ്പെട്ട നിയമങ്ങൾ ബാധകമാണോയെന്നും , ടി. നിർമ്മാണത്തിന് ലംഘനമില്ല എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തണം .
11. 2002 ലെ Petroleum റൂൾസിന് അനുസൃതമായിരിക്കണം.
12. 2002ലെ Petroleum and explosive safety organization ചട്ടങ്ങൾക്ക് വിധേയമായി അനുമതി ലഭ്യമാക്കേണ്ടതും നിർമ്മാണം നടത്തേണ്ടതുമാണ്.
13. പ്രസ്തുത സ്ഥലത്തിന്റെ വടക്കുഭാഗത്തായി ഒരു ഹോസ്പിറ്റൽ കെട്ടിടം നിലനിൽക്കുന്നുണ്ട് ആയതിന് യാതൊരുവിധ അപകടസാധ്യതയും ഉണ്ടാവില്ലെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
14. മേൽ നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ ഒക്യുപ്പൻസി നൽകുവാൻ പാടുള്ളൂ.

ഈ ഉത്തരവ് നിർമ്മാണം തുടങ്ങുന്നതിനുള്ളതല്ല. നിർമ്മാണം തുടങ്ങുന്നതിനു മുമ്പ് നഗരസഭ സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങിയിരിക്കണം.

വിശ്വസ്തതയോടെ

സെക്രട്ടറി കുന്നംകുളം നഗരസഭ
(1 സെറ്റ് പ്ലാൻ സഹിതം)

ജില്ലാ നഗരാസൂത്രകൻ

പകർപ്പ്
1. സെക്രട്ടറി, കുന്നംകുളം നഗരസഭ
2. ശ്രീ.മുഹമ്മദ് ഷഹീൻ, S/o. അബ്ദു, കൊമ്പത്തയിൽ വീട്, ചാട്ടുകുളം, ആർത്താറ്റ്.പി.ഒ-680 521, തൃശ്ശൂർ

DESPATCHED
14/7/2024